കേരള സർക്കാർ

# സാമൂഹ്യനീതി വകുപ്പ്


സാമൂഹ്യനീതി ഡയറക്ടറേറ്റ്, 5th ഫ്ലോർ,
വികാസ് ഭവൻ, പി.എം.ജി,
തിരുവനന്തപുരം

website- www.sjd.kerala.gov.in
ഇ-മെയിൽ- swdkerala@gmail.com
ഫോൺ- 0471-2306040

# ഭിന്നശേഷി
# വിഭാഗം



# 1. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി

ഒന്നാം ക്ലാസ്സ് മുതൽ പ്രൊഫഷണൽ / പിജി കോഴ്സുകൾക്ക് പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

- അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 36,000/- രൂപയിൽ അധികരിക്കരുത്.
- സ്കോളർഷിപ്പിനായി അപേക്ഷിക്കുന്നതിന്റെ മുൻവർഷം കുറഞ്ഞത് 40% മാർക്ക് നേടിയിരിക്കണം.
- അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അദ്ധ്യയന വർഷം ആരംഭിച്ച് 3 മാസത്തിനുള്ളിൽ സമർപ്പിക്കണം.
- അർഹതപെട്ട അപേക്ഷകർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സ്കോളർഷിപ്പ് വിതരണം ചെയ്യുന്നു.

| ശ്രേണി | ദിവസ വിദ്യാർഥിക ൾക്ക് | ഹോസ്റ്റൽ വിദ്യാർഥിക ൾക്ക് | റീഡേഴ്സ് ആലവൻസ് |
|---|---|---|---|
| Class 1 to Class 4 | 300 | ---- | 200 |
| Class 5 to Class 10 | 500 | ---- | 200 |
| +1, +2, IT Equivalent courses | 750 | 1000 | 300 |
| Degree, Polytechnic, Equivalent training courses, (Implant training) | 1000 | 1500 | 400 |
| Professional, PG courses | 1000 | 1500 | 400 |

## 2. വിദ്യാകിരണം പദ്ധതി

ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മക്കൾക്ക് ഒന്നാം ക്ലാസ്സ് മുതൽ പിജി /പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നതിനായി (സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ സർക്കാർ അംഗീകൃത കോഴ്സുകൾക്ക്) സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

1 ലക്ഷം രൂപ വരുമാന പരിധി.

- 1 മുതൽ 5 വരെ- സ്കോളർഷിപ്പ് നിരക്ക്- 300/- രൂപ
- 6 മുതൽ 10 വരെ- സ്കോളർഷിപ്പ് നിരക്ക്- 500/- രൂപ
- +1, +2, ITI തത്തുല്യമായ മറ്റ് കോഴ്സുകൾ-സ്കോളർഷിപ്പ് നിരക്ക്- 750/- രൂപ
- ഡിഗ്രി, പിജി, പൊളിടെക്നിക്ക് തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ- സ്കോളർഷിപ്പ് നിരക്ക്- 1000/-രൂപ
- അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അദ്ധ്യയന വർഷം ആരംഭിച്ച് 2 മാസത്തിനുള്ളിൽ സമർപ്പിക്കണം.

# 3. വിദ്യാജ്യോതി പദ്ധതി

ഗവ./എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒമ്പതാം ക്ലാസ്സ് മുതൽ പി.ജി കോഴ്സ്വരെ 40ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി.

- 9 മുതൽ 10 ക്ലാസ്സ്-പഠനോപകരണങ്ങൾക്ക്-1000 രൂപ (ഒരു ജില്ലയിൽ 50 കുട്ടികൾക്ക്)--യുണിഫോം- 1500 രൂപ (ഒരു ജില്ലയിൽ 30 കുട്ടികൾക്ക്)
- Plus one, Plus two, ITI, പോളിടെക്ക്നിക്ക്, VHSC------പഠനോപകരണങ്ങൾക്ക്-2000 രൂപ (ഒരു ജില്ലയിൽ 50 കുട്ടികൾക്ക്)--യുണിഫോം- 1500 രൂപ (ഒരു ജില്ലയിൽ 30 കുട്ടികൾക്ക്)
- ഡിഗ്രി, ഡിപ്ലോമ, പ്രൊഫെഷണൽ കോഴ്സ്---പഠനോപകരണങ്ങൾക്ക്-3000 രൂപ (ഒരു ജില്ലയിൽ 25 കുട്ടികൾക്ക്)
- പോസ്റ്റ് ഗ്രാജ്വേഷന്- പഠനോപകരണങ്ങൾക്ക്- 3000 രൂപ (ഒരു ജില്ലയിൽ 20 കുട്ടികൾക്ക്)
- അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അദ്ധ്യയന വർഷം ആരംഭിച്ച് 2 മാസത്തിനുള്ളിൽ സമർപ്പിക്കണം.

## 4. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് തുല്യതാ പരീക്ഷ എഴുതുന്നതിനുള്ള ധനസഹായ പദ്ധതി

SSLC, +2 തുല്യതാ പരീക്ഷ എഴുതുന്നതിനായി ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്/പരീക്ഷാ ഫീസ് നൽകുന്ന പദ്ധതി.

- ഭിന്നശേഷി 40% വും അതിനുമുകളിലും
- APL, BPL വ്യത്യാസമില്ലാതെ ധനസഹായം അനുവദിക്കുന്നു.
- നിലവിൽ 10th ക്ലാസ്സ് തുല്യതാ പരീക്ഷയ്ക്ക് 2350/- രൂപയും ഹയർ സെക്കന്ററി തുല്യതാകോഴ്സ് ഒന്നാം വർഷം 2950/-രൂപയും ഹയർ സെക്കന്ററി തുല്യതാകോഴ്സ് രണ്ടാം വർഷം 1950/-രൂപയും രൂപയുമാണ്.
- വിശദ വിവരങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസറെ സമീപിക്കുക.

## 5. മാതൃജ്യോതി പദ്ധതി

കാഴ്ചവൈകല്യമുള്ള മാതാവിന് പ്രസവാനന്തരം തന്റെ കുഞ്ഞിനെ പരിചരിക്കുന്നതിന് പ്രതിമാസം 2000/- രൂപ നിരക്കിൽ കുട്ടിയ്ക്ക് 2 വയസ്സാകുന്നതുവരെ ധനസഹായം നൽകുന്ന പദ്ധതി.

- കാഴ്ചവൈകല്യം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്
- ആശുപത്രിയിൽ നിന്നുള്ള ഡിസ്ചാർജ് സർട്ടിഫിക്കറ്റ്.
- വരുമാന സർട്ടിഫിക്കറ്റ് (ബി.പി.എൽ ആണെങ്കിൽ റേഷൻ കാർഡിൻറെ പകർപ്പ്)
- ബാങ്ക് പാസ് ബുക്കിന്റെ ബന്ധപ്പെട്ട പേജ്
- വരുമാന പരിധി 1 ലക്ഷം രൂപ.

## 6. ഭിന്നശേഷിയുള്ള വനിതകൾ / മാതാപിതാക്കളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ പദ്ധതി “പരിണയം”.

വികലാംഗത്വംമൂലം സാമ്പത്തിക ക്ലേശമനുഭവിക്കുന്നവരുടെ പെൺമക്കളെയും/ വികലാംഗരായ പെൺകുട്ടികളെയും നിയമാനുസൃതം വിവാഹം ചെയ്തയയ്ക്കുന്നതിനുള്ള ചിലവിലേയ്ക്കായി സാമ്പത്തിക സഹായം നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് “പരിണയം”.

- ഗുണഭോക്താക്കൾക്ക് ഒറ്റ തവണ ധനസഹായമായി 30,000/ രൂപ വിതരണം ചെയ്യുന്നു.
- അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 1 ലക്ഷം രൂപയിൽ അധികരിക്കരുത്.

# 7. ഭിന്നശേഷിയുള്ളവർക്ക് ചികിത്സാ ധനസഹായ പദ്ധതി

സംസ്ഥാന സർക്കാർ വികലാംഗ ദുരിതാശ്വാസനിധിയായി കോർപ്പസ് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും ലഭിക്കുന്ന പലിശത്തുക ഉപയോഗിച്ച് വികലാംഗരായ വ്യക്തികൾക്ക് ഒറ്റതവണ പരമാവധി 5,000 രൂപ വരെ ചികിത്സാധനസഹായം അനുവദിക്കുന്ന പദ്ധതി.

- (വരുമാന പരിധി- ഗ്രാമങ്ങളിൽ 20,000/-, നഗരങ്ങളിൽ- 24,000/- രൂപ)
- ചികിത്സയിലാണെന്നുള്ള ഡോക്ടർ സർട്ടിഫിക്കറ്റ്
- കാഴ്ച വൈകല്യം, കേൾവിവൈകല്യം, MR, അസ്ഥിസംബന്ധമായ വൈകല്യമുള്ളവർ, എന്നീ വിഭാഗത്തിൽപ്പെടുന്നവരാണ് ഗുണഭോക്താകൾ.
- അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം.

# 8. ശാരീരിക വെല്ലുവിളികൾ/കാഴ്ചപരമായ വെല്ലുവിളികൾ നേരിടുന്ന അഭിഭാഷകർക്ക് എക്സ്ഗ്രേഷ്യ റീഡേഴ്സ് അലവൻസ് എന്നിവ നൽകുന്ന പദ്ധതി

സാമൂഹ്യനീതി വകുപ്പ് മുഖേന കേരള സംസ്ഥാനത്തെ കോടതികളിൽ പ്രാക്ടീസ് നടത്തുന്ന അന്ധരും അസ്ഥിതി വൈകല്യം ബാധിച്ചവരുമായ അഭിഭാഷകരുടെ വായനാസഹായിക്കുള്ള റിഡേഴ്സ് അലവൻസ് ആയി പ്രതിമാസം 4000/- രൂപയാണ് നൽകുന്നത്. ധനസഹായ പദ്ധതിയുടെ കാലാവധി 8 വർഷവുമാണ്.

- അഭിഭാഷകർക്ക് നിയമപുസ്തകം, പ്രൊഫഷനൽ സ്യൂട്ട് വാങ്ങുന്നതിലേയ്ക്കായി എക്സ്ഗ്രേഷ്യ നോൺ റെക്കറിംഗ് ഫണ്ടായി ഒറ്റതവണ 3000/ രൂപയും അനുവദിക്കുന്നു.
- ഫുൾടൈം റീഡർ അസിസ്റ്റന്റ് ഉണ്ടെന്നുള്ള കോടതിയിലെ പ്രിസൈഡിംഗ് ഓഫീസറുടെ സാക്ഷ്യപത്രം, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപത്രം ഹാജരാകണം.
- വായനാസഹായി SSLC പാസായിരിക്കണം
- അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം.

# 9. സ്വാശ്രയ പദ്ധതി

തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ സംരക്ഷിക്കുന്ന ബി.പി.എൽ കുടുംബത്തിൽപ്പെട്ട മാതാവിന്/രക്ഷകർത്താവിന്(സ്ത്രീ ആയിരിക്കണം) സ്വയം തൊഴിൽ ആരംഭിക്കുന്നതിന് ഒറ്റതവണ ധനസഹായം നൽകുന്ന പദ്ധതി.

- ഒറ്റതവണ ധനസഹായമായി 35,000/- രൂപ അനുവദിക്കുന്നു.
- എട്ടാം ക്ലാസ്സ് വിദ്യാഭ്യാസം ലഭിച്ചിരിക്കണം.
- മാനസിക വെല്ലുവിളി 70% -ൽ കൂടുതലുള്ള വ്യക്തികളുടെ മാതാവ് / രക്ഷകർത്താവിന് മുൻഗണന.
- വിധവകൾ,ഭർത്താവ് ഉപേക്ഷിച്ച് പോയ സ്ത്രീകൾ,നിയമപരമായി വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ജീവിച്ചിരുന്നിട്ടും വിവാഹബന്ധം വേർപെടുത്താതെ ഭർത്താവിൽ നിന്നും സഹായം ലഭ്യമാകാത്ത സ്ത്രീകൾ,അവിവാഹിതരായ അമ്മമാർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്.
- സ്വയം തൊഴിൽ സംബന്ധിച്ച് വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് സഹിതം അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം.

# 10. ഭിന്നശേഷിക്കാർക്ക് വിദൂര വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് പദ്ധതി.

ഭിന്നശേഷിയുള്ളവർക്ക് ഓപ്പൺ യൂണിവേഴ്സിറ്റി പ്രോഗ്രാം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ വഴി വീട്ടിൽ തന്നെ ഇരുന്ന് പഠിക്കുന്നതിന് സ്കോളർഷിപ്പ് നൽകുന്ന ഒരു പദ്ധതിയാണിത്. അംഗപരിമിതർക്കിടയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഈ പദ്ധതി സഹായകമാവും.

- രജിസ്ട്രേഷൻ ഫീ, കോഴ്സ്ഫീ/ട്യൂഷൻഫീ, പരീക്ഷാഫീസ്, പുസ്തകങ്ങൾ, പഠനോപകരണങ്ങൾ, എന്നിവയ്ക്ക് ആവശ്യമായ തുകയാണ് സ്കോളർഷിപ്പായി അനുവദിക്കുക.
- ഇത് പരമാവധി 10,000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.
- വരുമാന പരിധി 1 ലക്ഷം രൂപ.
- കേന്ദ്രസർക്കാരുകളുടെ മറ്റേതെങ്കിലും പദ്ധതിയിൽ പെടുന്ന ധനസഹായം ലഭിക്കുന്നവർക്ക് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുകയില്ല.

# 11. വിജയാമൃതം പദ്ധതി

വൈകല്യത്തോട് പൊരുതി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി/വീട്ടിലിരുന്ന് പഠിച്ച് ഡിഗ്രി, പി.ജി / പ്രൊഫഷണൽ കോഴ്സ് എന്നീ തലത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം എന്ന തരത്തിൽ ക്യാഷ് അവാർഡ് നൽകുന്ന ഒരു പദ്ധതിയാണ് വിജയാമൃതം. ഇത്തരക്കാരെ വിദ്യാഭ്യാസത്തിലൂടെ അറിവ് സമ്പാദിക്കുന്നതിനും അവകാശങ്ങൾ നേടിയെടുക്കുന്നതിനും സമൂഹത്തിന്റെ മുഖ്യ ധാരയിലേയ്ക്ക് എത്തിക്കുവാനും സാധിക്കുന്നു.

- ഡിഗ്രി തലത്തിൽ ആർട്സ് വിഷയത്തിൽ 60 ശതമാനവും സയൻസ് വിഷയത്തിൽ 80 ശതമാനവും / അതിൽ കൂടുതൽ മാർക്ക് കരസ്ഥമാക്കിയവരുമായ വിദ്യാർഥികളാണ് ഗുണഭോക്താക്കൾ.
- പിജി/ പ്രൊഫഷനൽ കോഴ്സുകൾക്ക് 60 ശതമാനവും /അതിൽ കൂടുതൽ മാർക്ക് കരസ്ഥമായിരിക്കണം.
- അപേക്ഷകർ സർക്കാർ/ സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ/ കോളേജുകൾ/ മറ്റ് അംഗീകൃത സ്ഥാപനങ്ങൾ ( പാരലൽ കോളേജ്, വിദൂര വിദ്യാഭ്യാസം) എന്നിവിടങ്ങളിൽ നിന്നും ആദ്യഅവസരത്തിൽ തന്നെ പാസായിരിക്കണം.

## 12. സഹചാരി പദ്ധതി

പരസഹായം ആവശ്യമായ 40%ന്ന മുകളിൽ വൈകല്യമുള്ള കുട്ടികളെ പഠനത്തിലും മറ്റ് കാര്യ നിർവ്വഹണങ്ങളിലും സഹായിക്കുന്ന/പ്രോത്സാഹിപ്പിക്കുന്ന NSS/NCC/SPC യൂണിറ്റിനെ ആദരിക്കുന്നതിനുള്ള പദ്ധതി.

ഇതു കൂടാതെ ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണത്തിനായി RPWD ACT 2016, NATIONAL TRUST ACT 1999 എന്നീ നിയമങ്ങൾ നടപ്പിലാക്കി വരികയും ചെയ്യുന്നു.

- ഗവൺമെന്റ്/ എയിഡഡ്/ പ്രൊഫെഷണൽ കോളേജുകൾ ഉൾപ്പടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ കുട്ടികളെ സഹായിക്കുന്ന യൂണിറ്റിനെ ആണ് ആദരിക്കുന്നത്.
- ജില്ലയിൽ നിന്നും മികച്ച 3 യുണിറ്റിന് ആണ് അവാർഡ് നൽകുന്നത്.
- വിദ്യാഭ്യാസ സ്ഥാപനം ഭിന്നശേഷി സൗഹൃദമാക്കുന്നതിന് സഹായിക്കുന്ന യുണിറ്റിനെയും അവാർഡിന് പരിഗണിക്കും.

# 13. മിശ്ര വിവാഹ ധനസഹായ പദ്ധതി

പട്ടികജാതി/പട്ടികവർഗ്ഗം ഒഴികെ മിശ്രവിവാഹം ചെയ്തത് മൂലം സാമ്പത്തികബുദ്ധിമുട്ട് അനുഭവിക്കുന്ന ദമ്പതിമാർക്ക് ധനസഹായം നൽകുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്നു. പദ്ധതി മുഖേന അനുവദിക്കുന്ന സാമ്പത്തിക ധനസഹായം 30,000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

- ദമ്പതിമാരുടെ വാർഷിക വരുമാന പരിധി 1,00,000/- രൂപയാണ്.
- നിയമപരമായി വിവാഹം രജിസ്റ്റർ ചെയ്തവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളു.
- ദമ്പതികൾക്ക് ധനസഹായത്തിന് ഒരു തവണ മാത്രമേ അർഹതയുള്ളു.
- ധനസഹായമായി നൽകുന്നതുക വ്യവസായം ആരംഭിക്കാൻ, സ്ഥലംവാങ്ങൽ, ഭവന നിർമ്മാണം തുടങ്ങിയ മൂലധനനിക്ഷേപങ്ങൾക്ക് വേണ്ടി വിനിയോഗിക്കേണ്ടതാണ്.
- അപേക്ഷ വിവാഹത്തിനുശേഷം ഒരു വർഷത്തിനുശേഷം രണ്ട് വർഷത്തിനകം സമർപ്പിച്ചിട്ടുള്ളതാകണം.

## 14. പരിരക്ഷ പദ്ധതി

അടിയന്തിര സാഹചര്യങ്ങൾ നേരിടേണ്ടിവരുന്ന അംഗപരിമിതർക്ക് സഹായം നൽകുന്നതിനുള്ള പദ്ധതി.

- അപകടങ്ങൾ/ആക്രമണങ്ങൾ/പ്രകൃതി ദുരന്തങ്ങൾ എന്നിവയ്ക്ക് ഇരയാകുന്ന അംഗപരിമിതരാണ് ഗുണഭോക്താക്കൾ.
- അടിയന്തിര സഹായമായതിനാൽ വരുമാന പരിധി ഒഴിവാക്കിയിട്ടുണ്ട്.
- 25,000/- രൂപ വരെ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് വിനിയോഗിക്കാവുന്നതാണ്. ആയതിന് മുകളിലുള്ള തുക വിനിയോഗിക്കുന്നതിന് മോണിട്ടറിംഗ് കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.
- അപേക്ഷ അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമുഖേന സമർപ്പിക്കേണ്ടതാണ്.

# 15. സഹായ ഉപകരണ വിതരണ പദ്ധതി

അംഗപരിമിതരുടെ കൃത്യ നിർവ്വഹണത്തിന് തടസ്സമാകുന്ന വൈകല്യം മറികടക്കാനുതകുന്ന സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി.

പ്രത്യേകതകൾ

- വരുമാന പരിധി ഒരു ലക്ഷം രൂപ
- അപേക്ഷകൻ ആവശ്യപ്പെടുന്ന സഹായ ഉപകരണം ഉപയോഗിക്കുന്നതിന് അപേക്ഷകന് പ്രാപ്തിയുണ്ടെന്നുള്ള മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം.
- സർക്കാർ/സർക്കാർ ഇതര സ്ഥാപനങ്ങളിൽ നിന്നും ഒരു തവണ ഉപകരണം ലഭിച്ചവർ ടി പദ്ധതി പ്രകാരം അർഹരല്ല.

## 16. വ്യക്തിഗത പരിപാലന പദ്ധതി

ഭിന്നശേഷിക്കാരുടെ വ്യക്തിഗത ആവശ്യങ്ങൾ മനസ്സിലാക്കുന്നതിന് വിവര ശേഖരണം നടത്തുന്ന പദ്ധതി.

- ഇതിലൂടെ ഓരോ ഭിന്നശേഷിക്കാരന്റെയും വ്യക്തിഗത ആവശ്യങ്ങൾ മനസ്സിലാക്കി അതിലൂടെ അവർക്കനുയോജ്യമായ പദ്ധതികൾ രൂപീകരിക്കുന്നു.
- തെരഞ്ഞെടുത്ത അങ്കണവാടി പ്രവർത്തകർ മുഖേന വിവരങ്ങൾ ശേഖരിച്ച് അനുബന്ധ വകുപ്പുകൾ മുഖേന പദ്ധതി നടപ്പാക്കുന്നതാണ്.

# 17. ബാരിയർ ഫ്രീ കേരള

സംസ്ഥാനത്തെ എല്ലാ പൊതു കെട്ടിടങ്ങളും അംഗപരിമിത സൗഹൃദമാക്കുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതി.

- കണ്ണൂർ ജില്ലയെ സമ്പൂർണ്ണ അംഗപരിമിത സൗഹൃദ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്.
- മലപ്പുറം, വയനാട് ജില്ലകളെ കൂടി സമ്പൂർണ്ണ അംഗപരിമിത സൗഹൃദ ജില്ലകളായി കാലതാമസം കൂടാതെ പ്രഖ്യാപിക്കുന്നതാണ്.
- മറ്റു ജില്ലകളിലെ പൊതു കാര്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## 18. നിരാമയ പദ്ധതി

സംസ്ഥാനത്തെ അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് നൽകുന്നതിനുള്ള പദ്ധതി.

- നാഷണൽ ട്രസ്റ്റ് രജിസ്റ്റർ ചെയ്ത സംഘടനകൾ വഴി നടപ്പിലാക്കുന്ന സ്കീമുകളിൽ പ്രധാനപ്പെട്ട ഒന്നാണ് നിരാമയ ഇൻഷ്വറൻസ് സ്കീം.
- ഒരു ലക്ഷം രൂപ വരെ വാർഷിക ചികിത്സാ ചെലവ് ലഭിക്കുന്നു.
- പദ്ധതിയിൽ ചേരുന്നതിന് ബി.പി.എൽ വിഭാഗം 250 രൂപയും, എ.പി.എൽ വിഭാഗം 500 രൂപയും പ്രീമിയം തുക അടക്കണം.
- കേരളത്തിൽ ഈ പ്രീമിയം തുക സംസ്ഥാന സർക്കാർ സ്റ്റേറ്റ് നോഡൽ ഏജൻസി സെന്റർ വഴി അടക്കുന്നു.
- എല്ലാ വർഷവും എപ്രിൽ 1 മുതൽ മാർച്ച് 31 വരെയാണ് പദ്ധതി കാലാവധി.
- എല്ലാ വർഷവും പോളിസി പുതുക്കണം. പുതുക്കുന്നതിന് ബി.പി.എൽ വിഭാഗം 50 രൂപയും, എ.പി.എൽ വിഭാഗം 250 രൂപയും പ്രീമിയം തുക അടക്കണം. ഈ തുകയും കേരളത്തിൽ സംസ്ഥാന സർക്കാർ തന്നെയാണ് അടക്കുന്നത്.

## 19. പുനർജ്ജനി പദ്ധതി

അട്ടപ്പാടി ബ്ലോക്കിലെ മാനസികരോഗ ബാധിതരെ പുനരധിവസിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതി.

- പുനർജ്ജനി എന്ന പേരിൽ ക്ഷേമ കേന്ദ്രം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- ആരോഗ്യ വകുപ്പ്, പട്ടിക വർഗ്ഗ വികസന വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ എന്നീ വകുപ്പുകളുടെ സഹകരണത്തോടെ നടത്തുന്നു.
- പാലക്കാട് നിർമ്മിതി കേന്ദ്ര മുഖേന കെട്ടിട നവീകരണ പ്രവർത്തനങ്ങൾ സ്വീകരിച്ചു വരുന്നു.

## 20. സ്റ്റീഫൻ ഹോക്കിങ്സ് സെന്റർ ഫോർ എക്സലൻസ് (SHCE)

കലാകായിക ബൗദ്ധിക മേഖലകളിൽ മികവ് തെളിയിച്ചിട്ടുള്ള അംഗപരിമിതരായ കുട്ടികൾക്ക് മികച്ച രീതിയിൽ പഠന സാധ്യതകൾ ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതി.

- NISH/NIPMR ആസ്ഥാനമാക്കി പ്രവർത്തനമാരംഭിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്.

# 21. നാഷണൽ ട്രസ്റ്റ് ലീഗൽ ഗാർഡിയൻഷിപ്പ്

- ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവ ബാധിച്ച വ്യക്തികളുടെ ക്ഷേമത്തിനായുള്ള നിയമം.
- ഇത്തരം വ്യക്തികളെ കഴിയുന്നത്ര സ്വന്തം കുടുംബങ്ങൾക്കുള്ളിൽ തന്നെ ജീവിക്കാൻ സഹായിക്കുന്നതിന് സൌകര്യങ്ങൾ ഒരുക്കുക.
- നിയമപരമായ രക്ഷാകർതൃത്വം (ലീഗൽ ഗാർഡിയൻഷിപ്പ്) നൽകുന്നതിന് നടപടി സ്വീകരിക്കുക.
- നിയമപരമായ രക്ഷാകർത്താവിനെ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.
- ഇത്തരം വ്യക്തികളുടെ സ്വത്തിന് സംരക്ഷണം നൽകുക.
- രജിസ്റ്റർ ചെയ്ത സംഘടനകൾ വഴി നാഷണൽ ട്രസ്റ്റിന്റെ വിവിധ സ്കീമുകൾ നടപ്പിലാക്കുക
- കുട്ടിക്ക് 18 വയസ്സാകുന്നതു വരെ എല്ലാ രക്ഷിതാക്കളും അവരുടെ കുട്ടികളുടെ നിയമപരമായ രക്ഷിതാക്കളായിരിക്കും.
- നാഷണൽ ട്രസ്റ്റ് വൈകല്യങ്ങളുള്ള വ്യക്തികൾക്ക് 18 വയസ്സ് കഴിഞ്ഞാലും നിയമപരമായ തീരുമാനങ്ങൾ കൈകൊള്ളുന്നതിന് പ്രാപ്തരാണെന്ന് കരുതുന്നില്ല.
- ഇവരുടെ സ്വത്ത് സംബന്ധമായും മറ്റുമുള്ള കാര്യങ്ങളിൽ ഇവരെ പ്രതിനിധീകരിക്കുന്നതിന് നിയമപരമായ രക്ഷാകർതൃത്വം അനുവദിച്ച് നൽകേണ്ടിയിരിക്കുന്നു.
- ജില്ലാ കളക്ടർ ചെയർമാനായ നാഷണൽ ട്രസ്റ്റിന്റെ ലോക്കൽ ലെവൽ കമ്മറ്റിക്കാണ് ഇത് നൽകുന്നതിനുള്ള അധികാരം.

## 22. അംഗപരിമിത നിയമനം

PWD Act 1995-ൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം സർക്കാർ സർവ്വീസിൽ 3% സംവരണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നു.

- 2677 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് താൽക്കാലിക അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള 2131 അംഗപരിമിതർക്ക് സ്ഥിര നിയമനം നൽകിയിട്ടുണ്ട്.

# 23. അംഗപരിമിതർക്കുള്ള ദിനാചരണവും സംസ്ഥാന അവാർഡ് വിതരണവും

എല്ലാ വർഷവും ഡിസംബർ 3–ന് അംഗപരിമിത ദിനമായി ആചരിച്ചു വരുന്നു.

- ജില്ലാതലത്തിൽ അംഗപരിമിതർക്കായി കായിക മേളയും, കലാപരിപാടികളും സംഘടിപ്പിക്കുന്നു.
- കൂടാതെ വകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ ഒരു ജില്ലയിൽ സംസ്ഥാനതല ആഘോഷങ്ങൾ സംഘടിപ്പിക്കുന്നു.
- ടി ദിവസം അംഗപരിമിതർക്കുള്ള സംസ്ഥാന അവാർഡ് വിതരണം ചെയ്യുന്നു.
- മികച്ച അംഗപരിമിത ജീവനക്കാർ, അംഗപരിമിത സേവനം നടത്തുന്ന മികച്ച സ്ഥാപനങ്ങൾ, കൂടുതൽ അംഗപരിമിതർക്ക് ജോലി നൽകുന്ന മികച്ച സ്ഥാപനങ്ങൾ എന്നീ മേഖലകളിലാണ് അവാർഡ് നൽകുന്നത്.

## 24. സർക്കാർ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

സംസ്ഥാനത്ത് തിരുവനന്തപുരത്തും കോഴിക്കോട്ടുമായി ഭിന്നശേഷിക്കാരുടെ രണ്ട് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

- ടി സ്ഥാപനങ്ങൾ മുഖേന, ഭിന്നശേഷിക്കാർക്ക് ബുക്ക് ബൈൻഡിംഗ്, ലെതർ വർക്ക്സ്, ഗാർമെന്റ് മേക്കിംഗ് എന്നിവയിൽ പരിശീലനം നൽകി വരുന്നു.
- ഇതോടൊപ്പം കെൽട്രോൺ നടത്തുന്ന DCA-DTP കോഴ്സുകളിലും പരിശീലനം നൽകുന്നു.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പരിശീലനാർത്ഥികൾക്ക് സ്റ്റൈപന്റ് അനുവദിക്കുന്നു.

## 25. സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ പദ്ധതി

കേരള സൈക്കോ സോഷ്യൽ റൂൾ 2012 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്കാണ് സൈക്കോ സോഷ്യൽ ഗ്രാന്റ്-ഇൻ-എയ്ഡ് നൽകി വരുന്നത്. ഇപ്രകാരം രജിസ്ട്രേഷൻ ഉള്ള സ്ഥാപനങ്ങൾ അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ ഗ്രാൻ-ഇൻ-എയ്ഡ് ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ടതും, ലഭ്യമായ അപേക്ഷകൾ അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ഉൾപ്പെട്ട ജില്ലാ തല അപ്രൈസൽ കമ്മിറ്റി സ്ഥാപനങ്ങൾ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും, അർഹതയുള്ള സ്ഥാപനങ്ങൾക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസർ ഗ്രാന്റ്-ഇൻ-എയ്ഡ്-ന് ശുപാർശ ചെയ്ത് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ പ്രസ്തുത അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. നിലവിൽ 29 NGOകൾക്ക് ഈ പദ്ധതി പ്രകാരമുള്ള ഗ്രാൻ-ഇൻ-എയ്ഡ് ലഭിക്കുന്നുണ്ട്.

# 26. വൈകല്യമുള്ളവർക്കായുള്ള സർക്കാർ സ്ഥാപനങ്ങൾ

1. **ആശാഭവൻ (6 എണ്ണം)**

മാനസിക രോഗ മുക്തരും സംരക്ഷിക്കുവാൻ ആരുമില്ലാത്തവർക്കും വേണ്ടിയുള്ളത്. സ്ത്രീകൾക്കും പുരുഷൻമാർക്കും വെവ്വേറെ സ്ഥാപനങ്ങൾ.

2. **പ്രത്യാശാ ഭവൻ (1 എണ്ണം)**

ബുദ്ധി വൈകല്യമുള്ള പ്രായപൂർത്തിയായ സ്ത്രീകളെ സംരക്ഷിക്കുന്നു.

3. **പ്രതീക്ഷാ ഭവൻ (1 എണ്ണം)**

ബുദ്ധി വൈകല്യമുള്ള പ്രായപൂർത്തിയായ പുരുഷൻമാരെ സംരക്ഷിക്കുന്നു.

4. **ഹോം ഫോർ മെന്റലി ചലഞ്ച്ഡ് ചിൽഡ്രൻ (1)**

ബുദ്ധിമാന്ദ്യമുള്ള 4–നും 16–നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി സംരക്ഷിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനം.

5. **ഭിന്നശേഷി സദനങ്ങൾ (3 എണ്ണം)**

ഭിന്നശേഷിയുള്ളവരെ സംരക്ഷിക്കുന്നതിനായിട്ടുള്ള സ്ഥാപനം. സ്ത്രീകൾക്കും പുരുഷൻമാർക്കും വെവ്വേറെ സ്ഥാപനം.

6. **ഭിന്നശേഷിക്കാരായ കുട്ടികളുടെ സദനം (1 എണ്ണം)**

ഭിന്നശേഷിയുള്ള കുട്ടികളെ സംരക്ഷിക്കുന്നതിനും, ഇവർക്ക് വിദ്യാഭ്യാസം, വൈദ്യ സഹായം എന്നിവ നൽകുന്നതിനുമായി പ്രവർത്തിക്കുന്ന സ്ഥാപനം.

# 27. സർക്കാർ സഹായം എൻ.ജി.ഒ.കൾ/മറ്റ് ഏജൻസികൾ മുഖേന



| | |
|---|---|
| ഇന്റർനെറ്റ് ടെക്നോളജി സംവിധാനം ഉപയോഗപ്പെടുത്തി ഭിന്നശേഷിക്കാരുടെ മാതാപിതാക്കൾക്ക്/ രക്ഷകർത്താക്കൾക്ക് പരിശീലനവും അവബോധവും നൽകുന്നത് NIDAS പ്രോജക്ട് NISH മുഖേന നടപ്പിലാക്കുന്നു. | കുട്ടികളിലെ പഠന വൈകല്യം, Attention Deficit, Hyper Activity Disorder എന്നിവ മുൻകൂറായി കണ്ടെത്തി ഉചിതമായ ചികിത്സാ മാർഗ്ഗങ്ങളിലൂടെ കാലിക്കറ്റ് യൂണിവേഴ്സിറ്റി സൈക്കോളജി വിഭാഗത്തിന്റെ സഹകരണത്തോടെ മലപ്പുറം ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് "Early Identification and community Based Intervention Programme for Children with Hearing Disability and ADHD". |
| കമ്പ്യൂട്ടർ പരിശീലനം, കൂടാതെ തൊഴിൽ പരിശീലനം, ഒക്കുപേഷണൽ തെറാപ്പി എന്നിവ നൽകുന്നതിന് വിവിധ എൻ.ജി.ഒ.കൾക്ക് ധനസഹായം നൽകുന്നു. | കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വകുപ്പിനു കീഴിലെ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് കൗൺസിലിംഗ് നൽകുന്ന District Psychiatric Rehabilitation Project (DPRP) കോഴിക്കോട് IMHANS മുഖേന നടപ്പിലാക്കുന്നു. |
| വയനാട് ജില്ലയിലെ ആദിവാസി വിഭാഗങ്ങളുടെ മാനസികാരോഗ്യ പരിപാലനത്തിനായി കോഴിക്കോട് IMHANS മുഖേന Mobile Mental Health Centre പ്രോജക്ട് നടപ്പിലാക്കുന്നു. | മുച്ചിറി, മുറി അണ്ണാക്ക് എന്നീ മുഖ വൈകല്യത്തോടു കൂടി ജനിക്കുന്ന കുട്ടികൾക്ക് പത്തനംതിട്ട സെന്റ് തോമസ് മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ സൗജന്യ ശസ്ത്രക്രിയ നടത്തുന്നു. ഇത്തരം കുട്ടികളെ കണ്ടെത്തുന്നതിനും, ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും, ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന കുട്ടികളെ അനുഗമിക്കുന്ന ബൈസ്റ്റാൻഡേഴ്സിന് യാത്രാ ചെലവ് നൽകുന്നതിനും വകുപ്പ് ധനസഹായം നൽകി വരുന്നു. |
| മാനസിക രോഗ ബാധിതർക്കായി കോഴിക്കോട് IMHANS മുഖേനയും മാനസിക വെല്ലുവിളി നേരിടുന്നവർക്കായി ആദർശ് ചാരിറ്റബിൾ ട്രസ്റ്റ് എറണാകുളം, ഫെയ്ത്ത് ഇന്ത്യ പാലക്കാട് എന്നിവ മുഖേനയും ഡെ കെയർ സെന്ററുകൾ നടപ്പാക്കുന്നു. | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് Corrective Surgery നടത്തുന്നതിനും അംഗപരിമിതരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനായി മറ്റ് ക്ഷേമ പരിപാടികൾ സംഘടിപ്പിക്കുന്നതിനുമായി VKM ട്രസ്റ്റ് മുഖേന മൊബിലിറ്റി മിഷൻ എന്ന പദ്ധതി നടപ്പാക്കുന്നു. |
| ബുദ്ധി വികാസ വൈകല്യം നേരിടുന്നതിനായി നേരത്തെയുള്ള ഇടപെടൽ, ചികിത്സ, പുനരധിവാസം, തൊഴിൽ പരിശീലനം, ബോധവൽക്കരണം എന്നിവയ്ക്കായി കാലിക്കറ്റ് സർവ്വകലാശാല സൈക്കോളജി വിഭാഗം CDMRP എന്ന പദ്ധതി നടപ്പിലാക്കുന്നു. | വീൽ ചെയറിൽ കഴിയുന്നവർക്ക് വീട്ടിലിരുന്ന് സ്വയം തൊഴിൽ ചെയ്ത് വരുമാനം കണ്ടെത്തുന്നതിനായി All Kerala Wheel Chair Rights Federation എന്ന സംഘടനയ്ക്ക് ധനസഹായം അനുവദിക്കുന്നു. |
| തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത 27 സ്കൂളുകളിലെ എപ്പിലെപ്സി (അപസ്മാരം) ബാധിതരായ 10-18 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് എപ്പിലെപ്സി കെയർ, വിദഗ്ധ പരിചരണം, ബോധവൽക്കരണം എന്നിവ നൽകുന്ന പദ്ധതിയാണ് "Growing Beyond Barriers Epilepsy Care through Schools". ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജി മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. | ബാംഗ്ലൂർ ആസ്ഥാനമായ NIMHANS -ന്റെ സഹായത്തോടെ കോഴിക്കോട് ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി ബേസ്ഡ് അസിസ്റ്റഡ് ലിവിംഗ് പദ്ധതി നടപ്പാക്കുന്നു |

# പ്രൊബേഷൻ ആന്റ് ആഫ്റ്റർ കെയർ സർവ്വീസസ്



## 28. ജയിൽ തടവുകാരുടെ ആശ്രിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ധനസഹായ പദ്ധതി

ജയിൽ തടവിന് ശിക്ഷിക്കപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഒറ്റത്തവണയായി 15,000/- രൂപ ധനസഹായം നൽകുന്ന പദ്ധതി.

- അഞ്ചു വർഷമോ അതിൽ കൂടുതലോ കാലം ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിഞ്ഞുവരുന്ന വ്യക്തികളുടെ ആശ്രിതർക്കാണ് ധനസഹായത്തിനുള്ള അർഹത ഉണ്ടായിരിക്കുന്നത്.
- കുറ്റവാളികളുടെ ആശ്രിതരെന്ന നിലയിൽ ഭാര്യ/ ഭർത്താവ്, തൊഴിൽ രഹിതരും അവിവാഹിതരുമായ മകൻ/ മകൾ എന്നിവർക്കാണ് പ്രസ്തുത സഹായം അനുവദിക്കുന്നത്.
- അപേക്ഷകൻ BPL ലിസ്റ്റിൽ ഉൾപ്പെടുന്നവരായിരിക്കണം.
- കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകരെ ധനസഹായത്തിന് പരിഗണിക്കുന്നതല്ല.
- അപേക്ഷ അതാത് ജില്ലാ പ്രൊബേഷൻ ഓഫീസർ മുഖേന സമർപ്പിക്കേണ്ടതാണ്.

## 29. ജയിൽ തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി

ബി.പി.എൽ കാരായ ജയിൽ തടവുകാരുടെ (സ്ത്രീ തടവുകാരുടെ മക്കളും, പുരുഷൻ ദീർഘകാലമായി ജയിൽ ശിക്ഷ അനുഭവിക്കുന്നതും മൂലം സ്ത്രീകൾ കുടുംബ നാഥകളാകുന്ന കുടുംബത്തിലെ) കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

- കുട്ടികളുടെ ആഹാരം, വസ്ത്രം, സ്കൂൾ ഫീസ് തുടങ്ങിയ ചെലവുകൾക്കായി തുക അനുവദിക്കുന്നു.
- 5 വയസ്സിന് താഴെയും ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ് വരെയും പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 3,000/- രൂപയും
- ആറാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ 5,000/- രൂപയും
- +1, +2 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് 7,500/- രൂപയും
- ഡിഗ്രി, പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് 10,000/- രൂപയും ലഭിക്കുന്നു.
- അപേക്ഷ അതാത് ജയിൽ സൂപ്രണ്ടിന് സമർപ്പിക്കേണ്ടതാണ്.

# 30. ജയിൽ തടവുകാരുടെ കുട്ടികൾക്കുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ ധനസഹായ പദ്ധതി

ജയിൽ തടവുകാരുടെ കുട്ടികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി ഒറ്റത്തവണയായി പരമാവധി 1 ലക്ഷം രൂപവരെ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

- BPL ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം
- ജീവപര്യന്തമോ വധശിക്ഷയ്ക്കോ ശിക്ഷിക്കപ്പെട്ട തടവുകാരുടെ കുട്ടികൾ ആയിരിക്കണം. (ഏറ്റവും കുറഞ്ഞത് 2 വർഷമായി ജയിലിൽ കഴിയുന്ന കുറ്റവാളികളുടെ മക്കൾ ആയിരിക്കണം)
- നിർബന്ധമായും സർക്കാർ മെറിറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ ആയിരിക്കണം.
- ഹയർസെക്കൻഡറി തലത്തിൽ 70% മോ അതിലധികമോ മാർക്ക് ലഭിച്ചിരിക്കണം. (കൂടുതൽ അപേക്ഷകർ ഉണ്ടാകുന്ന പക്ഷം മാർക്കിന്റെ ശതമാനം മാനദണ്ഡമാക്കി മുൻഗണന നൽകുന്നതാണ്).
- ഒരു കുടുംബത്തിൽ ഒന്നിൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിലും അനുകൂല്യം നൽകുന്നതാണ്.
- അപേക്ഷകൾ അതാത് അദ്ധ്യയന വർഷം ജയിൽ സൂപ്രണ്ട് മുഖേന നൽകേണ്ടതാണ്.

## 31. മുൻ കുറ്റവാളികൾ, പ്രൊബേഷണർമാർ എന്നിവർക്കായുള്ള ധനസഹായ പദ്ധതി

ദാരിദ്ര്യമായ സാമ്പത്തികസാഹചര്യങ്ങളിൽ നിന്നുള്ള മുൻകുറ്റവാളികൾ, മേൽനോട്ടത്തിനു വിധേയമാക്കി വച്ചിരിക്കുന്ന കുറ്റവാളികൾ, തിരുത്തലിന് വേണ്ടിയോ അല്ലാതെയോ ഉള്ള സ്ഥാപനങ്ങളിലെ മുൻ അന്തേവാസികൾ (എക്സ്പ്യൂപ്പിൾസ്) എന്നിവരുടെ സാമൂഹിക പുനരധിവാസത്തിന്റെ ഭാഗമായി സ്വയംതൊഴിൽ കണ്ടെത്തുന്നതിന് നിലവിൽ 15,000/- രൂപയാണ് നൽകി വരുന്നത്.

- അപേക്ഷകർ BPL പരിധിയിൽപ്പെട്ടവരായിരിക്കണം.
- ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

## 32. അതിക്രമത്തിനിരയായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി

അതിക്രമത്തിനിരയായി കൊല്ലപ്പെട്ടവരുടേയും, കിടപ്പിലായവരെയും/ഗുരുതരമായി പരിക്കേറ്റവരുടെയും മക്കൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം അനുവദിക്കുന്ന ഒരു പദ്ധതി.

- അപേക്ഷകർ BPL പരിധിയിൽപ്പെട്ടവരായിരിക്കണം, കുടുംബത്തിന്റെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയായിരിക്കണം.
- ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
- കുട്ടികളുടെയും ഇപ്പോഴത്തെ രക്ഷിതാവിന്റെയും സംയുക്ത അപേക്ഷയോടൊപ്പം താമസിക്കുന്ന സ്ഥലത്തെ വാർഡ് കൌൺസിലർ/മെമ്പർ അല്ലെങ്കിൽ പഞ്ചായത്ത്/നഗരസഭാ അധ്യക്ഷ/അധ്യക്ഷൻ അല്ലെങ്കിൽ സ്ഥലത്തെ സ്റ്റേഷൻ ഹൗസ് ഓഫീസർ എന്നിവരിൽ ആരെങ്കിലും സർട്ടിഫിക്കറ്റ് നൽകണം.
- താഴെ പറയുന്ന ധനസഹായ പദ്ധതിയിൽ നിന്നും തുക കൈപ്പറ്റിക്കൊണ്ടിരിക്കുന്ന കുട്ടികൾക്ക് വീണ്ടും തുക അനുവദിക്കില്ല.
  - a) സാമൂഹ്യ സുരക്ഷാ മിഷന്റെ സ്നേഹപൂർവ്വം പദ്ധതി.
  - b) സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ വിജ്ഞാനദീപ്തി അഥവാ സ്പോൺസർഷിപ്പ് പദ്ധതി.
  - c) വനിതകൾ ഗൃഹനാഥരായവരുടെ മക്കൾക്ക് വനിതാ ശിശുവികസന വകുപ്പ് നൽകുന്ന ധനസഹായം
  - d) തടവുകാരുടെ മക്കൾക്ക് സാമൂഹ്യനീതി വകുപ്പ് നൽകുന്ന വിദ്യാഭ്യാസ ധനസഹായം.
- ഡിഗ്രി തലം മുതൽ വരുന്ന കോഴ്സുകളിൽ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ മെരിറ്റ് സീറ്റിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും.
- കുറ്റകൃത്യം നടന്ന് 5 വർഷത്തിനുള്ളിൽ ജില്ലാ പ്രൊബേഷൻ ഓഫീസിൽ അപേക്ഷിച്ചിരിക്കണം.
- ഒരു വർഷം അനുവദിച്ചാൽ കുട്ടിയുടെ വിദ്യാഭ്യാസം തുടരുന്നതിനായി സ്കൂൾ കോളേജ് മേധാവിയോ പുതുതായി വിദ്യാഭ്യാസത്തിന് ചേർന്ന സ്ഥാപന മേധാവിയോ സാക്ഷ്യപ്പെടുത്തുന്ന പക്ഷം തുടർ വർഷങ്ങളിലും തുക അനുവദിക്കാവുന്നതാണ്.
- കുട്ടിയുടെയും ഇപ്പോഴത്തെ രക്ഷിതാവിന്റെയും സംയുക്ത അക്കൗണ്ടിലായിരിക്കും തുക കൈമാറുക.
- റോഡപകടങ്ങളിൽ കൊല്ലപ്പെടുന്നവരുടെ കുടുംബത്തിന് ഈ പദ്ധതിയിൽ നിന്നും തുക അനുവദിക്കില്ല.

## 33. മാനാസികാരോഗ്യകേന്ദ്രത്തിൽ കഴിയുന്ന വിചാരണ തടവുകാരുടെയും കോടതി വിടുതൽ ചെയ്തിട്ടും മാനസികാരോഗ്യ കേന്ദ്രത്തിൽ കഴിയുന്നവരുടെയും പുനരധിവാസ പദ്ധതി

കോടതി വിടുതൽ ചെയ്തിട്ടും മാനസികാരോഗ്യ കേന്ദ്രങ്ങളിൽ കഴിഞ്ഞു വരുന്ന ഇരുപതോളം പേർ നിലവിലുണ്ട്. കൂടാതെ വിചാരണ തടവുകാരായ നിരവധിപേർ മാനസികാരോഗ്യകേന്ദ്രങ്ങളിൽ കഴിഞ്ഞുവരുന്നുണ്ട്. ഇത്തരക്കാരെ പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സൈക്കോസോഷ്യൽ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതി. മറ്റ് അത്യാവശ്യ ചികിത്സകൾക്ക് (ഹൃദയാഘാതം, അപകടങ്ങൾ) ഗവ. ഡോക്ടറുടെ സർട്ടിഫിക്കറ്റ് പ്രകാരം തുക അനുവദിക്കുന്നതാണ്.

ഒരു വ്യക്തിക്ക് ഒരു വർഷം നൽകാവുന്ന സാമ്പത്തിക സഹായം ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| ഭക്ഷണം | 2500 x 12 | 30,000/- |
| മരുന്ന് | 600 x 12 | 7,200/- |
| വസ്ത്രം | | 1,500/- |
| വ്യക്തി ശുചിത്വം | 80 x 12 | 960/- |
| **ആകെ** | | **39,660/-** |

34. അനാഥാലയങ്ങളിൽ സംരക്ഷിക്കപ്പെടുന്ന അന്തേവാസികൾക്ക് തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി.

35. ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോം അംഗീകാരമുള്ള വനിതാ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള വിവാഹ ധനസഹായം.

36. ഇതു കൂടാതെ Probation of Offenders Act 1958, Kerala Probation of Offenders Rule 1960, എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു.



മഴവില്ല്
ട്രാൻസ്ജെൻഡർ സമൂഹത്തിന് വേണ്ടിയുള്ള സമഗ്ര പദ്ധതി

# ട്രാൻസ്ജെൻഡർ പദ്ധതികൾ

## 37. തിരിച്ചറിയൽ കാർഡ് വിതരണം

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തങ്ങളുടെ സ്വത്വം വെളിപ്പെടുത്തുന്നതിനായി യാതൊരു രേഖയും നിലവിലില്ലാത്ത സാഹചര്യത്തിൽ സർക്കാർ ഇടപെട്ടുകൊണ്ട് വകുപ്പ് മുഖേന തിരിച്ചറിയൽ കാർഡ് നൽകി വരുന്നു. നിലവിൽ ഓൺ ലൈൻ സംവിധാനത്തിലൂടെയാണ് തിരിച്ചറിയൽ കാർഡ് നൽകി വരുന്നത്.

- സി-ഡിറ്റ് എന്ന സർക്കാർ സ്ഥാപനം മുഖേന ഒരു ഓൺലൈൻ മോഡ്യൂൾ തയ്യാറാക്കുകയും ഓരോ വ്യക്തികൾക്ക് സവിശേഷ തിരിച്ചറിയൽ നമ്പർ ലഭ്യമാക്കുകയും ആ നമ്പറിലൂടെ എല്ലാ സ്കീമുകകളും ബന്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 38. സമന്വയ തുടർവിദ്യാഭ്യാസ പദ്ധതി

പാതി വഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടി വന്ന മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തുടർവിദ്യാഭ്യാസം സാധ്യമാക്കുന്നതിനായി കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി മുഖേന പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നു. പഠിതാക്കൾക്ക് വിദ്യാഭ്യാസ ധനസഹായവും താമസ സൗകര്യവും ഇതോടൊപ്പം നടപ്പാക്കി വരുന്നു.

അടിസ്ഥാന സാക്ഷരത, നാലാം തരം, എഴാം തരം, പത്താം തരം, പന്ത്രണ്ടാം തരം എന്നീ വിദ്യാഭ്യാസ പദ്ധതികൾ ആണ് നടപ്പിലാക്കിയിട്ടുള്ളത്.

## 39. ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ്

നിലവിൽ സ്കൂളുകളിൽ/കോളേജുകളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ് നൽകി വരുന്നു. സ്കൂൾതലം മുതൽ പ്രൊഫെഷണൽ ഡിഗ്രീ തലം വരെയുള്ള ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഈ ധനസഹായം ലഭിക്കുന്നതാണ്.

- സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപയും
- ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് പ്രതിമാസം 1500 രൂപയും
- കോളേജ് വിദ്യാർത്ഥികൾക്ക് പ്രതിമാസം 2000 രൂപയും ആണ് സ്കോളർഷിപ് തുക.
- ഇതിനായി അപേക്ഷകൾ ട്രാൻസ്ജെൻഡർ സെല്ലിലേക്ക് സമർപ്പിക്കാവുന്നതാണ്.

## 40. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുന്ന പദ്ധതി

ട്രാൻസ്ജെൻഡർ വിഭാഗത്തിനായി നിലവിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിലും, ഭൂരിഭാഗം വ്യക്തികളും കുടുംബങ്ങളിൽ നിന്ന് പുറന്തള്ളപ്പെട്ടതിനാലും അത്തരം വിദ്യാർത്ഥികൾക്ക് താമസിക്കുന്ന സ്ഥലത്തെ വാടക നൽകുന്നതിനായി പ്രതിമാസം 4000 രൂപ അനുവദിച്ചിട്ടുണ്ട്.

- സർക്കാർ/ എയിഡഡ്/ അൺ എയിഡഡ്/ സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർഥികളാണ് ഗുണഭോക്താക്കൾ.

## 41. സംരംഭകത്വ വികസന പരിശീലന പരിപാടി

സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ സമൂഹത്തിനു സ്ത്രീകൾക്കും പുരുഷന്മാർക്കും ഒപ്പം തുല്യമായ അവസരങ്ങളും അവകാശങ്ങളും ഉറപ്പാക്കേണ്ടതാണ്.പ്രസ്തുത ലക്ഷ്യം മുൻനിർത്തി അതിജീവനത്തിനു ഇവരെ പ്രാപ്തരാക്കുന്നതിനായ് സംരംഭകത്വ വികസന പരിശീലനത്തിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സർക്കാർ സ്ഥാപനമായ C-STED മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഇതിന്റെ ആദ്യഘട്ടം പൂർത്തിയായിട്ടുണ്ട്. 90 ട്രാൻസ്ജെൻഡർ വ്യക്തികൾക്കാണ് ഈ പരിശീലനം നൽകിയിട്ടുള്ളത്

## 42. എച്ച് .ഐ.വി സീറോ സർവൈലൻസ് സെന്റർ

സംസ്ഥാനത്ത് ആകെമാനമുള്ള ട്രാൻസ്ജൻഡർ സമൂഹത്തിന് തൊഴിൽ മേഖലയിലെ പിന്നോക്കാവസ്ഥ കാരണം സമൂഹം അംഗീകരിക്കാത്ത പല തൊഴിലുകളും ചെയ്യുന്നതിന് പ്രേരിപ്പിക്കുന്ന സാഹചര്യം നിലവിലുണ്ട്.
അത്തരം തൊഴിൽ ചെയ്യേണ്ടിവരുന്നവരിൽ HIV ഉൾപ്പെടെ പല ആരോഗ്യപ്രശ്നങ്ങളും കണ്ടുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ HIV വിമുക്തമായ ഒരു സമൂഹം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യ ക്ഷേമ ബോർഡ് വഴി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സെന്ററിന്റെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ വിലയിരുത്തി വരുന്നുണ്ട്.

## 43. 24×7 ട്രാൻസ്ജെൻഡർ ഹെല്പ് ലൈൻ

സംസ്ഥാനത്ത് സാമൂഹ്യ നീതി വകുപ്പിന്റെ മേൽനോട്ടത്തിൽ 24×7 ട്രാൻസ്ജെൻഡർ ഹെല്പ് ലൈൻ ആരംഭിച്ചിട്ടുണ്ട്.

- കമ്മ്യൂണിറ്റി കൗൺസിലറിന്റെ സേവനം ഏത് സമയത്തും പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന വ്യക്തിക്ക് ലഭിക്കുന്നതാണ്.
- ലഭിക്കുന്ന പരാതികൾക്കെതിരെ ഉചിതമായ നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.
- പോലീസിന്റെ സേവനം അത്യാവശ്യമായിടത്ത് ആയത് എത്തിക്കുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചു വരുന്നു.

## 44. ബ്യൂട്ടിഷൻ പരിശീലന പദ്ധതി

കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്ന സംഘടനയായ ധ്വയ ട്രാൻസ്ജെൻഡേഴ്സ് ആർട്സ് ആൻഡ് ചാരിറ്റബിൽ സോസൈറ്റിയും (എറണാകുളം) സാമൂഹ്യനീതി വകുപ്പും സംയുക്തമായി നടത്തുന്ന ബ്യൂട്ടിഷൻ പരിശീലന പദ്ധതി വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്.

- ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നത് സാമൂഹ്യനീതി വകുപ്പിൽ പ്രവർത്തിക്കുന്ന ട്രാൻസ്ജെൻഡർ സെല്ലിന്റെ നേതൃത്വത്തിലാണ്.
- പരിശീലന പരിപാടിയുടെ കാലാവധി 3 മാസം.
- പഠിതാക്കൾക്ക് പ്രതിമാസം ഒരു നിശ്ചിത തുക സ്റ്റൈപ്പൻഡ് നൽകുന്നതാണ്.

## 45. തയ്യൽ മെഷീൻ വിതരണ പദ്ധതി

നിലവിൽ പല വിധത്തിലുള്ള വിവേചനങ്ങൾക്കും, അവകാശലംഘനങ്ങൾക്കും വിധേയരാകേണ്ടി വരുന്ന ട്രാൻസ്ജൻഡർ സമൂഹത്തിന് പ്രത്യേക പരിഗണന നൽകി സാമൂഹ്യ പുന:രധിവാസം ഉറപ്പാക്കേണ്ടതുണ്ട്.

- അയതുപ്രകാരം തയ്യൽ പഠിച്ച് പ്രവർത്തിപരിചയമുള്ള ട്രാൻസ്ജൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി തയ്യൽ മെഷീൻ വിതരണം ചെയ്യുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.
- സംസ്ഥാനത്ത് ആകമാനമുള്ള 100 ട്രാൻസ്ജൻഡർ വ്യക്തികൾക്ക് തയ്യൽ മെഷീൻ നൽകുവാൻ ആണ് തീരുമാനിച്ചിരിക്കുന്നത്.
- മെഷീനുകൾ ജില്ലകളിൽ വിതരണം ചെയ്തുവരുന്നു.

## 46. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം

കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികൾ പ്രധാനമായും നേരിടുന്ന വെല്ലുവിളിയാണ് ശാരീരിക മാറ്റം. ഇതിനായി ഭീമമായ തുക ട്രാൻസ്ജെൻഡർവ്യക്തികൾ ചിലവാക്കേണ്ടി വരുന്നുണ്ട്.

പുരുഷനിൽ നിന്നും സ്ത്രീയിലേക്കും സ്ത്രീയിൽ നിന്നും പുരുഷനിലേക്കും ഉണ്ടാകുന്ന ശാരീരിക മാറ്റത്തിന് ലിംഗമാറ്റ ശസ്ത്രക്രിയ അനിവാര്യമാണ്. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ ട്രാൻസ്ജെൻഡർവ്യക്തികൾക്ക് പരമാവധി രണ്ടു ലക്ഷം രൂപ വീതമാണ് ധനസഹായം നൽകിവരുന്നത്.

- അപേക്ഷകന് വകുപ്പ് നൽകുന്ന ട്രാൻസ്ജെൻഡർ ID card, മേൽ വിലാസം തെളിയിക്കുന്നതിനുള്ള രേഖ (Voters ID, Aadhaar) എന്നിവ ഉണ്ടായിരിക്കണം.
- ലിംഗമാറ്റ ശസ്ത്രക്രിയകൾക്ക് അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള ഏതെങ്കിലും ആശുപത്രിയിൽ ലിംഗമാറ്റ ശസ്ത്രക്രിയ നടത്തിയ ശേഷം വ്യക്തമായ ചികിത്സാ റിപ്പോർട്ട്, ഡോക്ടറുടെ സാക്ഷ്യപത്രം, എന്നിവ ഹാജരാക്കേണ്ടതാണ്.
- ലിംഗമാറ്റത്തിനായുള്ള ആദ്യഘട്ട ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്കും എല്ലാഘട്ടങ്ങളും പൂർത്തികരിച്ചവർക്കും വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.
- പ്രായ പരിധി 18 വയസ്സ് പൂർത്തിയായിരിക്കണം.
- നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ആവശ്യമായ രേഖകൾ, ബാങ്ക് അക്കൗണ്ട് നമ്പർ (IFSC ഉൾപ്പെടെ) സഹിതം സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

## 47. SRS കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പോഷകാഹാരത്തിനും തുടർചികിത്സയ്ക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി

എസ്.ആർ.എസ് കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സർജറി കഴിഞ്ഞ് 12 മാസത്തേക്ക് പോഷകാഹാരം വാങ്ങുന്നതിനും മറ്റ് അനുബന്ധ ചിലവുകൾക്കുമായി ഒരു നിശ്ചിത തുക വകുപ്പ് വകയിരുത്തിയിട്ടുണ്ട്. പ്രതിമാസം 3000/- രൂപയാണ് വകുപ്പ് നൽകി വരുന്നത്.

- ഓരോ മാസവും നിശ്ചിത തുക ലഭിക്കുന്നതുമൂലം എസ്.ആർ.എസ് കഴിഞ്ഞ ട്രാൻസ്ജൻഡർ വ്യക്തികളുടെ ആരോഗ്യം നല്ല രീതിയിൽ നിലനിർത്തുന്നതിനായി സഹായകരമാവും.
- ഇതിനായുള്ള അപേക്ഷകൾ സ്വീകരിക്കുകയും, അർഹരായവർക്ക് ധനസഹായം വിതരണം ചെയ്ത് വരുകയും ചെയ്യുന്നു.
- അപേക്ഷകൾ വകുപ്പിൽ പ്രവർത്തിക്കുന്ന ട്രാൻസ്ജെൻഡർ സെല്ലിൽ നേരിട്ട് നൽകാവുന്നതാണ്.

# 48. സ്വയം തൊഴിൽ ധനസഹായം

നിലവിൽ പല വിധത്തിലുള്ള വിവേചനങ്ങൾക്കും, അവകാശലംഘനങ്ങൾക്കും വിധേയരാകേണ്ടി വരുന്ന ട്രാൻസ്ജൻഡർ സമൂഹത്തിന് പ്രത്യേക പരിഗണന നൽകി സാമൂഹ്യ പുനഃരധിവാസം ഉറപ്പാക്കേണ്ടതുണ്ട്. ഇതിലേക്കായി ഇവർക്ക് സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

തൊഴിൽ സംരംഭം തുടങ്ങുന്നതിനായി ഒരു വ്യക്തിക്ക് 50,000/- രൂപ എന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

. ട്രാൻസ്ജെൻഡർ ഐ.ഡി കാർഡ് നിർബന്ധമായും ഉണ്ടായിരിക്കണം.

- മേൽവിലാസം തെളിയിക്കുന്ന രേഖ (ഇലക്ഷൻ ഐ.ഡി/ആധാർ/ഡ്രൈവിംഗ് ലൈസൻസ് /പാസ് പോർട്ട് /സി.ബി.ഒയുടെ അംഗത്വം തെളിയിക്കുന്ന രേഖ (അംഗത്വ നമ്പർ സഹിതം)
- ബാങ്ക് പാസ് ബുക്കിന്റെ മുൻപേജിന്റെ പകർപ്പ് (ബാങ്കിന്റെ പേര്, ബ്രാഞ്ച്, IFSC ഉൾപ്പെടുന്നത് )
- ചെയ്യാനുദ്ദേശിക്കുന്ന സ്വയംതൊഴിലിന്റെ വിശദമായ പ്രോജക്ട് പ്രൊപ്പോസൽ.
- പ്രായ പരിധി 18-നും 55-നും മദ്ധ്യേ.

. നിശ്ചിതമാതൃകയിലുള്ള അപേക്ഷ പ്രൊജക്റ്റിന്റെ വിശദമായ രൂപരേഖ സഹിതം സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

## 49. വനിതാ വികസന കോർപ്പറേഷൻ വഴി സ്വയം തൊഴിലിനുള്ള വായ്പ പദ്ധതി

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വ്യക്തിപരമായോ, സംഘം ചേർന്നോ തൊഴിൽ സംരംഭം തുടങ്ങുന്നതിനായിയുള്ള പദ്ധതിയാണ് ഇത്.

•വനിതാ വികസന കോർപ്പറേഷൻ മുഖേന ആയിരിക്കും തുക നൽകപ്പെടുക.

•ഒരു സംരംഭകർക്കോ സംരംഭകത്വത്തിനോ 3 ലക്ഷം രൂപ വരെ ആയിരിക്കും നൽകുക.

•പ്രാരംഭ ഘട്ടമെന്ന നിലയിൽ സംസ്ഥനത്തെ 10 അംഗങ്ങൽക്കായിരിക്കും തുക നൽകുക.

•പ്രസ്തുത പദ്ധതി പ്രകാരം സ്വയം തൊഴിൽ കണ്ടെത്തി ട്രാൻസ്ജെൻഡർ വ്യക്തികളെ സ്വയം പര്യാപ്ത്തരക്കാൻ കഴിയും.

• അപേക്ഷകൾ വകുപ്പിൽ പ്രവർത്തിക്കുന്ന ട്രാൻസ്ജെൻഡർ സെല്ലിൽ നേരിട്ട് നൽകാവുന്നതാണ്.

## 50. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഡ്രൈവിംഗ് പരിശീലനം

സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ കണ്ടെത്തി ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനായി ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്നു.

- ഒരു ജില്ലയിൽ 5 വീതം ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകാനാണ് പ്രാരംഭ ഘട്ട തീരുമാനം.
- ഇതിൻ പ്രകാരം 14 ജില്ലകളിലും അപേക്ഷ സ്വീകരിക്കുകയും ജില്ലാ ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡുകളുടെ അംഗീകാരത്തോടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.
- 2018 മാർച്ച് മാസം തന്നെ പരിശീലന പരിപാടിക്കുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.
- പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു.
- അപേക്ഷകൾ അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

## 51. ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് വിവാഹധനസഹായം നൽകുന്ന പദ്ധതി

നിയമപരമായി വിവാഹം ചെയ്ത ട്രാൻസ്ജെൻഡർ ദമ്പതികൾക്കാണ് ഈ പദ്ധതി ലഭ്യമാകുന്നത്.

- 30,000/- രൂപയാണ് ധനസഹായമായി ലഭ്യമാകുന്നത്.
- വിവാഹശേഷം 6 മാസത്തിനു ശേഷവും ഒരു വർഷത്തിനകവും ധനസഹായതിനായുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- അപേക്ഷകരിൽ ഒരാൾ മാത്രം ട്രാൻസ്ജെൻഡർ വ്യക്തിയാണെങ്കിലും ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.
- അപേക്ഷകൾ വകുപ്പിൽ പ്രവർത്തിക്കുന്ന ട്രാൻസ്ജെൻഡർ സെല്ലിൽ നേരിട്ട് നൽകാവുന്നതാണ്.

## 52. കെയർ ഹോം/ ഷോർട് സ്റ്റേ ഹോമുകൾ

കെയർ ഹോം /ഷോർട് സ്റ്റേ ഹോമുകൾ കേരളത്തിലെ വിവിധ കമ്മ്യൂണിറ്റി ബേസ്ഡ് ഒർഗനൈസേഷന്റെ കീഴിൽ പ്രവർത്തിക്കുന്നതായിരിക്കും .

- പ്രാരംഭ ഘട്ടമെന്ന നിലയിൽ കേരളത്തിൽ 5 കെയർ ഹോം / ഷോർട് സ്റ്റേ ഹോമുകൾ അരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുമുണ്ട്.

## 53. നൈപുണ്യ വികസന പരിശീലന പരിപാടി

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതക്കും അഭിരുചിക്കും അനുസരിച്ചുള്ള തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടിയാണ് പ്രസ്തുത പദ്ധതി ആവിഷ്കരിക്കുന്നത്. സർക്കാർ/സർക്കാരിതര ഏജൻസി മുഖേന പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.


വയോജനങ്ങൾ

# 54. സായംപ്രഭാ ഹോം പദ്ധതി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ കൊടുത്തുകൊണ്ട് അപ്ഗ്രേഡ് ചെയ്യുന്ന സായംപ്രഭാ ഹോം പദ്ധതി
ബന്ധപ്പെട്ട പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷനിലെ 60 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാരെയാണ് ഗുണഭോക്താക്കളായി പരിഗണിക്കുന്നത്. കുറഞ്ഞത് 20 ഗുണഭോക്താക്കൾക്കെങ്കിലും ഒരു സായംപ്രഭ ഹോമിലൂടെ സേവനം നൽകാവുന്നതാണ്.

. 60 വയസ്സ് കഴിഞ്ഞവർക്ക് പഞ്ചായത്ത് തലത്തിൽ പകൽ ഒത്തുകൂടുന്നതിന് സൗകര്യമൊരുക്കുക.
. വൃദ്ധജനങ്ങൾക്ക് മാനസിക ശാരീരിക ഉല്ലാസത്തിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ സായംപ്രഭ ഭവനങ്ങളിൽ ഒരുക്കുക.
. വൃദ്ധ പരിപാലന നിയമങ്ങളെയും, മാനസികവും ശാരീരികവും ആരോഗ്യകരവുമായ വിഷയങ്ങളെയും സംബന്ധിച്ച് ആഴ്ചയിൽ ഒരു ദിവസം ഏതെങ്കിലും നിയമ വിദഗ്ദ്ധർ, പോലീസ് ഓഫീസർമാർ, മെഡിക്കൽ ഓഫീസർമാർ, സൈക്കോസോഷ്യൽ കൗൺസിലർമാർ എന്നിവർ മുഖാന്തിരം ക്ലാസുകൾ സംഘടിപ്പിക്കുക.
. മാനസിക ശാരീരിക ഉല്ലാസത്തിന് ഉതകുന്ന യോഗ ക്ലാസുകൾ ആഴ്ചയിൽ ഒരു ദിവസമെങ്കിലും സംഘടിപ്പിക്കുക.
. ശാരീരിക പരിരക്ഷയ്ക്ക് ആവശ്യമായ മെഡിക്കൽ പരിശോധന കൃത്യമായ കാലയളവുകളിൽ നടത്തുക.
. പോഷകാഹാരക്കുറവുള്ള വൃദ്ധജനങ്ങൾക്ക് 2 നേരമെങ്കിലും പഞ്ചായത്തുകളുടെ സഹായത്തോടെ ഭക്ഷണം എത്തിച്ച് കൊടുക്കുക.

## 55. മന്ദഹാസം പദ്ധതി

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് കൃത്രിമ ദന്തനിര സൗജന്യമായി വച്ചുപിടിപ്പിച്ചു കൊടുക്കുന്ന മന്ദഹാസം പദ്ധതി

- ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 60 വയസ്സ് തികഞ്ഞവർ
- പല്ലുകൾ പൂർണ്ണമായും നഷ്ടപ്പെട്ടവരും, അതല്ലെങ്കിൽ ഭാഗീകമായി നഷ്ടപ്പെട്ട് അവശേഷിക്കുന്നവ ഉപയോഗയോഗ്യമല്ലാത്തതിനാൽ പറിച്ചു നീക്കേണ്ട അവസ്ഥയിലുള്ളവർ.
- കൃത്രിമ പല്ലുകൾ വെയ്ക്കുന്നതിന് അനുയോജ്യമെന്ന് യോഗ്യത നേടിയ ദന്തിസ്റ്റ് നിശ്ചിത ഫോറത്തിൽ സക്ഷ്യപ്പെടുതിയവർ.
- ഒരാൾക്ക് പരമാവധി ലഭിക്കുന്ന ധനസഹായതുക 5,000/- രൂപയാണ്
- എന്നാൽ ഭാഗീകമായി മാത്രം പല്ലുകൾ മാറ്റി വെയ്ക്കുന്നതിന് ഈ പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുന്നതല്ല.
- ഓരോഘട്ടത്തിൽ 1500 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പല്ലുകൾ നൽകാവുന്നതാണ്
- അപേക്ഷകൾ നിർദ്ദിഷ്ട രേഖകളോടൊപ്പം അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

**56. വയോ അമൃതം പദ്ധതി**

സംസ്ഥാനത്തെ ഗവ.വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ആയുർവേദ ചികിത്സയുടെ പ്രയോജനം ലഭ്യമാക്കുന്ന വയോ അമൃതം പദ്ധതി

**57. മ്യൂസിക് തെറാപ്പി**

സംസ്ഥാനത്തെ വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ശാരീരികവും മാനസികവുമായ ഉല്ലാസം പ്രദാനം ചെയ്യുന്ന മ്യൂസിക് തെറാപ്പി

**58. വയോമധുരം പദ്ധതി**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കൃത്യമായും പതിവായും നിരീക്ഷിയ്ക്കുന്നതിന് ഗ്ലൂക്കോമീറ്റർ സൗജന്യമായി നല്കുന്ന വയോമധുരം പദ്ധതി

**59. മാതൃകാ സായംപ്രഭാ ഹോം പദ്ധതി**

വയോജനങ്ങൾക്ക് പകൽ സമയം ഉല്ലാസപൂർവം ചിലവഴിക്കുന്നതിനും സ്വയം തൊഴിൽ പരിശീലിക്കുന്നതിനും തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ സഹകരണത്തോടെ ആരംഭിച്ചിട്ടുള്ള മാതൃകാ സായംപ്രഭാ ഹോം പദ്ധതി (Multi Service Day care Centre).

## 60. മാതൃകാ സായംപ്രഭാ ഹോം പദ്ധതി

വയോജനങ്ങൾക്ക് വിവിധ സേവനങ്ങളും ശുശ്രൂഷാ സംവിധാനങ്ങളും ലഭ്യമാക്കുന്ന മാതൃകാ സായംപ്രഭാ ഹോം പദ്ധതി കോഴിക്കോട് ജില്ലയിൽ HLFPPT യുടെ സഹകരണത്തോടു കൂടി നടപ്പാക്കുന്നതിന് ഫണ്ട് കൈമാറിയിട്ടുണ്ട്

## 61. യോഗാ തെറാപ്പി

വൃദ്ധസദനങ്ങളിലെ താമസക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി നടപ്പാക്കുന്ന യോഗാ തെറാപ്പി

## 62. സെക്കന്റ് ഇന്നിംഗസ് പ്രോജക്ട്

സംസ്ഥാനത്തെ വൃദ്ധസദനങ്ങളെ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള സെക്കന്റ് ഇന്നിംഗസ് പ്രോജക്ട്

## 63. Psycho Social Care for Elderly in Old Age Homes in Kerala Project

സംസ്ഥാനത്തെ ഗവ.വൃദ്ധസദനങ്ങളിലെ താമസക്കാർക്കും ജീവനക്കാർക്കും ക്രിയാത്മകമായ മാനസിക സ്ഥിതി നിലനിർത്തി ഉത്സാഹവും ഉണർവും പ്രദാനം ചെയ്യുന്നതിന് NIMHANS മായി സഹകരിച്ച് നടപ്പാക്കുന്ന Psycho Social Care for Elderly in Old Age Homes in Kerala Project

## 64. ടെക്നിക്കൽ അസിസ്റ്റന്റ്മാരെ നിയമിക്കുന്ന പദ്ധതി

മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ മെയിന്റനൻസ് ട്രൈബ്യൂണലുകളിലും ഓരോ ടെക്നിക്കൽ അസിസ്റ്റന്റ്മാരെ നിയമിക്കുന്ന പദ്ധതി വകുപ്പ് നടപ്പാക്കിയിട്ടുണ്ട്.

## 65. ട്രൈബ്യൂണലുകളിൽ വിചാരണയ്ക്കായി വന്നെത്തുന്ന വയോജനങ്ങൾക്കായി പദ്ധതി

ട്രൈബ്യൂണലുകളിൽ വിചാരണയ്ക്കായി വന്നെത്തുന്ന വയോജനങ്ങൾക്കായി ഇരിപ്പിട സൗകര്യം , ചായ, ലഘുഭക്ഷണം, വെള്ളം എന്നിവ നല്കുന്നതിനായി വകുപ്പ് പദ്ധതി ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

## 66. എറണാകുളം ജില്ലയിൽ മുഴുവൻ സമയ ഡിമെൻഷ്യാ കെയർ സെന്റർ, തൃശ്ശൂർ ജില്ലയിൽ പകൽ പരിപാലന ഡേ കെയർ സെന്റർ

ARDSI യുടെ സഹകരണത്തോടു കൂടി സംസ്ഥാനത്ത് എറണാകുളം ജില്ലയിൽ മുഴുവൻ സമയ ഡിമെൻഷ്യാ കെയർ സെന്റർ, തൃശ്ശൂർ ജില്ലയിൽ പകൽ പരിപാലന ഡേ കെയർ സെന്റർ എന്നിവ വകുപ്പിന്റെ ചുമതലയിൽ പ്രവർത്തിച്ചു വരുന്നു.

അനാരോഗ്യം ബാധിച്ച് നിരാശ്രയരായി തെരുവുകളിൽ അലഞ്ഞു തിരിയുന്നവർക്കും രോഗം ഭേദമായതിനു ശേഷം ആരും സ്വീകരിക്കാനില്ലാതെ ആശുപത്രികളിൽ കഴിയുവാൻ നിർബന്ധിതരായ ദുർബല ജനവിഭാഗങ്ങൾക്ക് സംരക്ഷണം നൽകുന്ന പദ്ധതിയാണ്. ടി പദ്ധതി പ്രകാരം തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ 6 സ്ഥാപനങ്ങൾക്ക് പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്നവർക്കായി നീക്കിയിട്ടുള്ള ബഡ്ജറ്റിൽ നിന്നും ഫണ്ട് അനുവദിച്ചു വരുന്നു. ഈ പദ്ധതിയുടെ കീഴിൽ അവശരും ഉപേക്ഷിക്കപ്പെട്ടവരുമായ അഗതികളെ ഭക്ഷണം, വസ്ത്രം, മരുന്ന് എന്നിവ ലഭ്യമാക്കി പുനരധിവാസ കേന്ദ്രത്തിലെത്തിക്കുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് “കരുതൽ നിധി” അനുവദിക്കുന്നുണ്ട്.

67. മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനായി മാതാപിതാക്കളുടേയും മുതിർന്ന പൗരൻമാരുടേയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007, മുതിർന്ന പൗരൻമാർക്കു വേണ്ടിയുള്ള സംസ്ഥാന നയം 2013 എന്നിവ നിലവിലുണ്ട്. പ്രസ്തുത നിയമങ്ങൾക്ക് വിധേയമായുള്ള വിവിധ പദ്ധതിപ്രവർത്തനങ്ങൾ നടത്തിവരുന്നു.


thank you